**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1541      03.10.2011 ൽ മറുപടിയ്ക്ക്

**പ്ലാസ്റ്റിക് നിരോധനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉബൈദുള്ള | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് പ്ലാസ്റ്റിക്കിന്റെ വ്യാപകമായ ഉപയോഗം മൂലം ഉണ്ടായിട്ടുള്ള പരിസ്ഥിതി പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) അമിതമായ പ്ലാസ്റ്റിക് ഉപയോഗവും ഉപയോഗശൂന്യമായ പ്ലാസ്റ്റിക് വലിച്ചെറിയുന്നതും പരിസ്ഥിതി പ്രശ്നം സൃഷ്ടിക്കുന്നു. ഉപയോഗിച്ച പ്ലാസ്റ്റിക് ക്യാരിബാഗുകളും പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളും മുനിസിപ്പൽ ഖരമാലിന്യത്തോടൊപ്പം ഉപേക്ഷിക്കുന്നതും മൂലം പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ട്. |
| (ബി) സംസ്ഥാനത്ത് ഏതെങ്കിലും പ്രദേശത്ത് ഇപ്പോൾ പ്ലാസ്റ്റിക് നിരോധനം നിലവിലുണ്ടോ; | (ബി) കേന്ദ്ര സർക്കാരിന്റെ പ്ലാസ്റ്റിക് വേസ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാൻഡിലിംഗ് ചട്ടങ്ങൾ 2011 പ്രകാരം 40 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക്(വെർജിൻ, റീസൈക്കിൾഡ്, കമ്പോസ്റ്റബിൾ) ക്യാരി ബാഗുകളുടെ ഉൽപ്പാദനം, ശേഖരണം, വിതരണം, വിൽപ്പന എന്നിവ രാജ്യവ്യാപകമായി നിരോധിച്ചിട്ടുണ്ട്. കൂടാതെ ഗുഡ്ക്ക, പുകയില, പാൻമസാല എന്നിവ സൂക്ഷിക്കാനും, പാക്ക് ചെയ്യാനും വിൽക്കാനുമുള്ള പ്ലാസ്റ്റിക് കൊണ്ടുള്ള സാഷേകൾ ഉപയോഗിക്കുന്നതും രാജ്യവ്യാപകമായി നിരോധിച്ചിട്ടുണ്ട്.<br>സംസ്ഥാനത്ത് ശബരിമല സീസൺ കാലത്ത് സന്നിധാനം, പമ്പ, ചാലക്കയം, |

പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ (PET ബോട്ടിലുകൾ ഉൾപ്പെടെ) ജലസ്രോതസ്സുകളിലും, തുറസ്സായ സ്ഥലങ്ങളിലും (സന്നിധാനം, പമ്പ, ചാലക്കയം, നിലക്കൽ, എരുമേലി എന്നിവിടവും പരിസരവും) കൂട്ടിയിടുന്നതും നിരോധിച്ചിട്ടുണ്ട്.

| | | |
|---|---|---|
| (സി) | സംസ്ഥാനത്ത് പ്ലാസ്റ്റിക് നിരോധനം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; | സജീവ പരിഗണനയിലാണ്. |
| (ഡി) | എങ്കിൽ ഇക്കാര്യം സജീവമായി പരിഗണിക്കുമോ ? | |

സെക്ഷൻ ഓഫീസർ